**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.അരുൺ.പി.അലക്സിന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം. **1577/2019/**തസ്വഭവ. തീയതി, തിരുവനന്തപുരം,**25.07.2019**

---

പരാമർശം: 1) 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.

2) കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.01.2019 ലെ ഇ 2-02/2019/1 നമ്പർ നടപടിക്രമം.

3) ശ്രീ.അരുൺ.പി.അലക്സ് സമർപ്പിച്ച അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 28.02.2019 ലെ ഇ 6-2942/19 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പി എസ് സി മുഖേന പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.അരുൺ.പി.അലക്സ്, ടിയാൻ നിലവിൽ വിദേശത്ത് സ്വകാര്യ കമ്പനിയിൽ ജോലിയിൽ ആണെന്നും പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം പ്രവേശിക്കുന്നതിനുള്ള കാലയളവ് 16.01.2019 മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.അരുൺ.പി.അലക്സ് വിദേശത്ത് സ്വകാര്യ കമ്പനിയിൽ ജോലിയിൽ ആണെന്ന സാഹചര്യം പരിഗണിച്ച് പരാമർശം(1) സർക്കുലറിലെ ഖണ്ഡിക 11, 12 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി 16.01.2019 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീ.അരുൺ.പി.അലക്സിന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കരൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ.അരുൺ.പി.അലക്സ്, പാലത്ര, ഉരുത്തി.പി.ഒ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(06.05.2019 ലെ ഉപദേശ ബി2/68/19/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/53/2019/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ